പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2640 **28-10-2026-ൽ മറുപടിയ്ക്ക്**

എംപാനൽഡ് ഷൂട്ടർമാരുടെ സേവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) ശല്യക്കാരായ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എംപാനൽഡ് ഷൂട്ടർമാരുടെ സേവനം വിനിയോഗിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രധാന വ്യവസ്ഥകളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ ജനവാസമേഖലകളിൽ മനുഷ്യജീവനും കൃഷിക്കും സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്ന ശല്യക്കാരായ കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് അധികാരം നൽകിയിട്ടുള്ളതിനെ തുടർന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ എം-പാനൽ ചെയ്യപ്പെട്ട ഷൂട്ടർമാരുടെ സേവനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണപരിധിയിലുള്ള പ്രദേശങ്ങളിൽ മാത്രമായി പ്രയോജനപ്പെടുത്തി വരുന്നതായിരുന്നു നിലവിൽ പിന്തുടർന്നു വന്നിരുന്ന രീതി. യഥാസമയം നടപടി സ്വീകരിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അലംഭാവം ഈ വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നതിന് കാരണമായി. തുടർന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള ഷൂട്ടർമാരുടെ സേവനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ മാത്രം പരിമിതപ്പെടുത്താതെ ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 03 /08/2026 ന് സ.ഉ. (സാധാ) നം. 337/2026/വനം പ്രകാരം ഉത്തരവായി.

(ബി) കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യാനുസരണം എംപാനൽഡ് ഷൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: സംസ്ഥാനത്തെ ജനവാസമേഖലകളിൽ മനുഷ്യജീവനും കൃഷിക്കും സ്വത്തിനും നാശനഷ്ടമുണ്ടാക്കുന്ന ശല്യക്കാരായ കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് അധികാരം നൽകിയിട്ടുള്ളതിനെ തുടർന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ എം-പാനൽ ചെയ്യപ്പെട്ട ഷൂട്ടർമാരുടെ സേവനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണപരിധിയിലുള്ള പ്രദേശങ്ങളിൽ മാത്രമായി പ്രയോജനപ്പെടുത്തി

വരുന്നതായിരുന്ന നിലവിൽ പിന്തുടർന്നു വന്നിരുന്ന രീതി. യഥാസമയം നടപടി സ്വീകരിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അലംഭാവം ഈ വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നതിന് കാരണമായി. തുടർന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള ഷൂട്ടർമാരുടെ സേവനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ മാത്രം പരിമിതപ്പെടുത്താതെ ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 03 /08/2026 ന് സ.ഉ. (സാധാ) നം. 337/2026/വനം പ്രകാരം ഉത്തരവായി.

(സി) വില്ലേജ്/താലൂക്ക് തലത്തിൽ മാത്രം ഏരിയ വാലിഡിറ്റിയുള്ള ആയുധ ലൈസൻസ് കൈവശമുള്ള എംപാനൽഡ് ഷൂട്ടർമാർക്ക് ലൈസൻസ് പരിധിക്ക് പുറത്തുള്ള മറ്റ് പഞ്ചായത്തുകളിലും സേവനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിയമപരമായ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വ്യക്തമായ മാർഗനിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> 03 /08/2026 ലെ സ.ഉ. (സാധാ) നം. 337/2026/വനം പ്രകാരം നിയമപരമായ ലൈസൻസ് കൈവശമുള്ള എംപാനൽഡ് ഷൂട്ടർമാരുടെ സേവനം മറ്റ് പഞ്ചായത്തുകളിലും വിനിയോഗിക്കാവുന്നതാണ്

(ഡി) കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യാനുസരണം ഷൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾക്കും ആയുധ ലൈസൻസ് വ്യവസ്ഥകൾക്കും വിധേയമായി ജില്ലാതലത്തിൽ സേവനം വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതോ ഏരിയ വാലിഡിറ്റി വിപുലീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

<u>മറുപടി:</u> മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ സേവനം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് നിലവിലുണ്ടായിരുന്ന രീതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള ഷൂട്ടർമാരുടെ സേവനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ മാത്രം പരിമിതപ്പെടുത്താതെ ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 03/08/2026 ന് സ.ഉ. (സാധാ) നം. 337/20 26/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എംപാനൽഡ് ഷൂട്ടർമാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വാർഷിക 100 കാടിഡ്ജുകൾ എന്ന പരിധി പ്രവർത്തനങ്ങളുടെ ആവശ്യകതയ്ക്ക് പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആവശ്യകതയും സുരക്ഷാ മാനദണ്ഡങ്ങളും കണക്കിലെടുത്ത് ഈ പരിധി പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> ആയുധ ലൈസൻസ് അനുവദിക്കുന്നത് ജില്ലാ കളക്ടറാണ്. ഇതു സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുന്നത് മാത്രമാണ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റ ചുമതല.

അതേ സമയം കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന്,ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള

ഷൂട്ടർമാരടെ സേവനം ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ആയുധ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനോ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനോ സർക്കാർ നടപടി സ്വീകരിക്കുമോ;

മറുപടി: ആയുധ ലൈസൻസ് അനുവദിക്കുന്നത് ജില്ലാ കളക്ടറാണ്. ഇതു സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുന്നത് മാത്രമാണ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റ ചുമതല.

അതേ സമയം കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന്,ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള ഷൂട്ടർമാരടെ സേവനം ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ജി) ആയുധ ലൈസൻസ് അനുവദിക്കുന്നതിലും പുതുക്കുന്നതിലുമുള്ള കാലതാമസം കാരണം കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെയും ലൈസൻസ് അനുവദിക്കുന്ന അധികാരികളുടെയും ഏകോപനം ശക്തിപ്പെടുത്തുന്നതിനും എംപാനൽഡ് ഷൂട്ടർമാരുടെ സേവനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

മറുപടി: ആയുധ ലൈസൻസ് അനുവദിക്കുന്നത് ജില്ലാ കളക്ടറാണ്. ഇതു സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുന്നത് മാത്രമാണ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റ ചുമതല.

അതേ സമയം കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന്,ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അംഗീകരിച്ചിട്ടുള്ള പട്ടികയിലുള്ള ഷൂട്ടർമാരടെ സേവനം ജില്ലാ വ്യത്യാസം കൂടാതെ സംസ്ഥാനത്ത് ഉടനീളം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ